അനന്യ.കെ.പി

# അതിജീവനം

അവരെന്നെ തേടിയോടിയെത്തി
കൊറോണയാണെനിക്കെന്ന് ചൊല്ലിയപ്പോൾ
മുറി വേറെ നല്ലതൊരുക്കിത്തന്നു
അവർ നഴ്സുമാരും ഡോക്ടർമാരുമാകുന്നു.

അതിൽ മരണം കാത്തുകിടക്കുന്നു
ഓർമ്മകൾ എങ്ങോ മറഞ്ഞിടുന്നു
മേനിയോ വേദനയാൽ പിടയുന്നു
കൈകാലുകൾ പതിയെ തളരുന്നു

'ചില്ലുകഷ്ണങ്ങൾ കുത്തിയിറങ്ങുന്ന
വേദനയിലെന്നെയറിഞ്ഞിരുന്ന
അവർതൻ മിഴികളിൽ ഞാൻ കണ്ടു ദൈവത്തെ
ലോകനാഥനെ, ജഗത്പതിയെ.

കണ്ണീരുമായ് അമ്മയെ ഓർക്കവെ-
യെന്നെ തലോടിയ കരങ്ങളിൽ
ഞാൻ കണ്ടു എൻ അമ്മയെ
ഏവരും പുലർത്തും മാതൃത്വത്തെ.

ഞാനറിഞ്ഞു അവരുടെ മിഴികളെന്നെ
തഴുകുന്നതും തലോടുന്നതും.
ഞാനറിഞ്ഞു അവർ എൻ ജീവനായ്
ഈശ്വരനു മുൻപിൽ കൈകൂപ്പിയതും.

എന്നാൽ ഇന്നില്ല
കൈകാലുകൾ കരുത്തരായിരിക്കുന്നു
കുപ്പിച്ചില്ലുകൾ വേർപെട്ടിരിക്കുന്നു
വേദനകൾ ഓടിമറഞ്ഞിരിക്കുന്നു

Scanned with CamScanner

ശ്വാസത്തിനായ് പിടഞ്ഞ ആ നാളുകൾ
എങ്ങോ അകന്നു കിടന്നിടുന്നു
ഓർമകൾ മാഞ്ഞുപോയ ആ നാളുകൾ
ഓർമകൾ മാത്രമായ് മാറിടുന്നു.

അതിജ്ജീവനത്തിൻ വെളിച്ചം പകർന്ന
ആ ഡോക്ടർമാരും പിന്നെ നഴ്സുമാരും
എന്നുമെനിക്ക് ഭൂമിതൻ മാലാഖമാർ
സാന്ത്വനത്തിൻ തിരുരൂപങ്ങൾ

-അനന്യ.കെ.പി-

Scanned with CamScanner